# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1887 — 14/08/2017-ൽ മറുപടിക്ക്

## ക്യാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | തിരുവനന്തപുരം ആർ.സി.സി.-യിൽ 2014 ആഗസ്റ്റ് മാസം വരെ നിലവിലുണ്ടായിരുന്നതും ക്യാൻസർ രോഗികൾക്ക് വലിയ ആശ്വാസമായിരുന്നതുമായ 'ക്യാൻസർ കെയർ ഫോർ ലൈഫ്' പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കാമോ ; | എ) | 1986-ൽ കേവലം 101/- രൂപ അംഗത്വ ഫീസോടുകൂടി ആർ.സി.സിയിൽ ആരംഭിച്ച 'കാൻസർ കെയർ ഫോർ ലൈഫ്' പദ്ധതി 1991-ൽ അവസാനിച്ചിരുന്നു. ഒന്നാം ഘട്ട പദ്ധതിക്കുശേഷം 500/- രൂപ അംഗത്വ ഫീസോടുകൂടി രണ്ടാംഘട്ട പദ്ധതി 1992 ൽ ആരംഭിച്ചു. 1997-ൽ മൂന്നാം ഘട്ട പദ്ധതിയ്ക്ക് മുന്നോടിയായി ഇത് നിർത്തലാക്കി. 1997 ൽ തുടങ്ങിയ മൂന്നാംഘട്ട പദ്ധതിയിൽ 500/- രൂപയുടേയും 10,000/- രൂപയുടെയും അംഗത്വം ഉണ്ടായിരുന്നു. 2014 ആഗസ്റ്റ് മാസത്തിൽ ഈ പദ്ധതിയും നിർത്തലാക്കുകയുണ്ടായി. ശാസ്ത്രീയമായ രീതിയിൽ നാലാംഘട്ട പദ്ധതി തുടങ്ങുന്നതിലേയ്ക്കാണ് ഈ പദ്ധതി അവസാനിപ്പിച്ചത്. കഴിഞ്ഞകാല പദ്ധതികളുടെ അനുഭവത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടുകൊണ്ട് ന്യൂനതകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമവും പ്രായോഗികവുമായ നാലാം ഘട്ട പദ്ധതി ആവിഷ്കരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാൻസർ രോഗികളുടെ സ്ഥിതി വിവരകണക്കുകൾ, രോഗവും ചികിത്സാ ചെലവുകളും തമ്മിലുള്ള ബന്ധം, വിവിധ കാൻസർ ചികിത്സാ പ്രോട്ടോകോളുകൾ, കഴിഞ്ഞകാല പദ്ധതികളുടെ പരിമിതികൾ എന്നിവയെക്കുറിച്ചുള്ള വിലയിരുത്തൽ പൂർത്തിയായിട്ടുണ്ട്. പുതിയ പദ്ധതിയ്ക്കുള്ള താരിഫും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി നിയമ വിദഗ്ദ്ധന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ? | ബി) | നടപടിക്രമങ്ങൾ പൂർത്തിയായാൽ ഉടൻതന്നെ പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്. ആറു മാസത്തിനുള്ളൽ പദ്ധതി തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ